ഓഗസ്റ്റ് 31, 2006

**നക്ഷത്ര പരമ്പര ബാങ്ക് നോട്ടുകൾ പുറപ്പെടുവിക്കൽ**

ഭാരതീയ റിസർവ് ബാങ്ക് ഉടനെ നക്ഷത്ര പരമ്പര ബാങ്ക് നോട്ടുകൾ പുറപ്പെടുവിക്കുന്നതാണ്. ആദ്യം മഹാത്മാ ഗാന്ധി പരമ്പര - 2005 ലെ രൂപ 10 , രൂപ 20 രൂപ 50 എന്നീ മൂല്യങ്ങളുള്ള നോട്ടുകളാണ് ഇറക്കുക. നക്ഷത്ര പരമ്പര ബാങ്ക് നോട്ടുകൾ കാഴ്ചയ്ക്ക് നിലവിലുള്ള രൂപ 10, രൂപ 20, രൂപ 50 ബാങ്ക് നോട്ടുകളെ പോലെ തന്നെയായിരിക്കും. എന്നാൽ നമ്പർ പാനലിൽ പ്രിഫിക്സിന്റെയും സീരിയൽ നമ്പറിന്റെയും മധ്യേ ഒരു വിശേഷാൽ അടയാളമായി നക്ഷത്ര ചിഹ്നമുണ്ടായിരിക്കും. ഇതിനാൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിക്കുന്ന പുതിയ ബാങ്ക് നോട്ടുകളിൽ നമ്പർ പാനലിൽ പ്രിഫിക്സിന്റെയും നമ്പറിന്റെയും മദ്ധ്യേ നക്ഷത്ര ചിഹ്നമുള്ള ചില നോട്ടുകൾ ഉണ്ടാകും. ഈ കെട്ടുകളിൽ ബാന്റിന്റെ മുകളിൽ ഇത്തരത്തിലുള്ള ബാങ്കു നോട്ടുകളുടെ സാന്നിദ്ധ്യം വ്യക്തമായി രേഖപ്പെടുത്തിയിരിക്കും.

നക്ഷത്ര പരമ്പര നോട്ടുകളടങ്ങുന്ന പുതിയ നോട്ടുകെട്ടുകളിൽ സാധാരണ രീതിയിൽ കെട്ടിൽ 100 നക്ഷത്ര പരമ്പര നോട്ടുകൾ വെയ്ക്കപ്പെട്ടിരിക്കും. നക്ഷത്ര പരമ്പര നോട്ടുകൾ നിയമസാധു നാണ്യമായിരിക്കുകയും പൊതുജനങ്ങൾക്ക് യഥേഷ്ടം ഈ ബാങ്ക് നോട്ടുകൾ കൈപ്പറ്റുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാം .

ഭരതീയ റിസർവ് ബാങ്ക് ഇപ്പോൾ പുറപ്പെടുവിക്കുന്ന പുതിയ ബാങ്ക് നോട്ട് കെട്ടുകളെ ഇപ്പോൾ ഒന്നു മുതൽ ആറു വരെയുള്ള അക്കങ്ങൾ കൊണ്ടാണ് ക്രമമായി നമ്പർ ചെയ്തിരിക്കുന്നത്. ഓരോ ബാങ്ക് നോട്ടിൻ മേലും പ്രിഫിക്സോടുകൂടി വ്യതിരിക്തമായ സീരിയൽ നമ്പറും രേഖപ്പെടുത്തിയിരിക്കും. നോട്ടുകെട്ടിന്റെ ക്രമമായുള്ള നമ്പർ നിലനിർത്താൻ ഇപ്പോൾ നിലവിൽ അച്ചടി പിശകുള്ള ബാങ്കു നോട്ടുകൾ നോട്ട് അച്ചടി ശാലയിൽ മാറ്റി അത്ര നമ്പറിലുള്ള നോട്ട് നൽകപ്പെടും. ഈ നടപടിയ്ക്ക് കൂടുതൽ സമയവും ചിലവും പിന്നെ കായികമായ ഇടപെടലും ആവശ്യമാണ്.

നോട്ട് അച്ചടി ശാലകളിലെ പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവും ആകുന്നതിനും തങ്ങളുടെ നടപടി ക്രമങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും വേണ്ടി നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങളുടെ ഭാഗമായാണ് ഭാരതീയ റിസർവ് ബാങ്ക് അച്ചടി പിശകുള്ള ബാങ്ക് നോട്ടുകൾ മാറ്റുന്നതിനായി നക്ഷത്ര പരമ്പര നമ്പറിങ് വ്യവസ്ഥ ഉപയോഗപ്പെടുത്തുന്നത്. ഇക്കാര്യം ഈ വർഷം ഏപ്രിൽ മാസത്തിൽ 2006 -07 ലെ വാർഷിക നയ പ്രഖ്യാപനത്തിലാണ് അറിയിച്ചിരിക്കുന്നത്.

അല്പനാ കിലാവാല
ചീഫ് ജനറൽ മാനേജർ

പത്ര പ്രസ്താവന : 2006 - 2007 / 307